പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 861 — 30.10.2019-ൽ മറുപടിയ്ക്ക്

## ആദിവാസി കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ പദ്ധതി

**ചോദ്യം**

ശ്രീ.ആന്റണി ജോൺ

**മറുപടി**

എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പതിനാറിലധികം ആദിവാസി കോളനികൾ സ്ഥിതി ചെയ്യുന്ന കോതമംഗലം മണ്ഡലത്തിലെ ആദിവാസി കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) & ബി) | കോതമംഗലം മണ്ഡലത്തിലെ പിണവൂർക്കുടി, വെള്ളാരംകുത്ത്, ഇളംബ്ലാശ്ശേരി എന്നീ കോളനികളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രസ്തുത കോളനികളിൽ 2017-18 വർഷം മുതൽ 'സാമൂഹ്യപഠനമുറി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആദിവാസി കോളനികളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി കോതമംഗലം താലൂക്കിൽ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ നാല് പ്രീമെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, പിണവൂർക്കുടി സ്കൂളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2018-19 മുതൽ പ്രഭാത ഭക്ഷണം നൽകി വരുന്നു. |
| ബി) | ഇതിന്റെ ഭാഗമായി ഓരോ കോളനിയിലും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | | |
| സി) | വിവിധ കോളനികളിലായി എത്ര കുട്ടികൾക്ക് പ്രസ്തുത പദ്ധതികളുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | സി) | വിവിധ കോളനികളിലായി അഞ്ഞൂറ്റി അൻപതോളം വിദ്യാർത്ഥികൾക്ക് മേൽ പദ്ധതികളുടെ പ്രയോജനം ലഭിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | മണ്ഡലത്തിലെ ആദിവാസി കോളനികളിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | ഡി) | കോതമംഗലം മണ്ഡലത്തിൽ വടാശ്ശേരിയിൽ ബ്ലോക്കിന്റെ കെട്ടിടത്തിൽ ആൺകുട്ടികൾക്കുള്ള ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനും, നേര്യമംഗലത്ത് വകുപ്പിന്റെ സ്ഥലത്ത് പെൺകുട്ടികൾക്കായുള്ള ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**